**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 173** **22-02-2022 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മാതൃ-ശിശു വിഭാഗ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മാതൃ-ശിശു വിഭാഗങ്ങൾക്കായുള്ള പുതിയ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | എൻ.എച്ച്.എം ന്റെ 2014-2015 പദ്ധതിയിൽ ഉൾപ്പെടുത്തി 10.5 കോടി രൂപ ചെലവിൽ പുതിയ മാതൃ ശിശു വിഭാഗത്തിന്റെ പ്രവൃത്തികൾ 30% പൂർത്തീകരിച്ചു. ആദ്യം ബി.എസ്.എൻ.എൽ എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്. എന്നാൽ ടി ഏജൻസിയുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസ്സം കാരണം ടി പദ്ധതിയുടെ പൂർത്തീകരണത്തിനായി വാപ്കോസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. |
| (ബി) | മേൽ കെട്ടിട നിർമ്മാണത്തിനായി എത്ര തുകയാണ് എൻ.എച്.എം. അനുവദിച്ചതെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും എത്ര തുകയാണ് ബാക്കിയുള്ളതെന്നും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ സഹിതം അറിയിക്കാമോ; | (ബി) | കെട്ടിട നിർമ്മാണത്തിനായി 10.5 കോടി രൂപയാണ് എൻ.എച്ച്.എം അനുവദിച്ചിട്ടുള്ളത്. ഇതിൽ 2016-2017 സാമ്പത്തിക വർഷത്തിൽ 1.90 കോടി രൂപ ചെലവഴിച്ചു. ബാക്കി 7.5 കോടി രൂപ എൻ.എച്ച്.എം ൽ ഉണ്ട്. |
| (സി) | മുടങ്ങിക്കിടക്കുന്ന മേൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ഏജൻസി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ പുതുക്കിയ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; നിർമ്മാണം പൂർത്തീകരിക്കാൻ എത്ര തുകയാണ് ഇനി ആവശ്യമുള്ളതെന്നും അറിയിക്കാമോ; | (സി) | നിലമ്പൂർ ജില്ലാ ആശുപത്രിയിലെ മാതൃ ശിശു വിഭാഗത്തിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി വാപ്കോസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. ടി പ്രവൃത്തി ചെയ്യുന്നതിനായി വാപ്കോസ് 18.50 കോടി രൂപയുടെ ഡി പി ആർ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ എൻ.എച്ച്.എം ൽ ലഭ്യമായിട്ടുള്ള തുകയെക്കാൾ 11 കോടി രൂപ അധികമായി വരുന്നുണ്ട്. ടി അധിക തുക ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ എൻ.എച്ച്.എം ന്റെ 2022-2023 സാമ്പത്തിക വർഷത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് സമർപ്പിക്കുന്നതായിരിക്കും. ടി തുക ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമില്ല. |
| (ഡി) | എൻ.എച്.എം. അനുവദിച്ച തുകയിൽ ശേഷിക്കുന്ന തുക ഈ വർഷം തന്നെ | (ഡി) | നിലമ്പൂർ ജില്ലാ ആശുപത്രിയിലെ മാതൃ ശിശു വിഭാഗത്തിനായി പുതിയ കെട്ടിടത്തിന്റെ |

| | | | |
|---|---|---|---|
| | അനുവദിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ മന്ത്രിക്കും, എൻ.എച്.എം. - സ്റ്റേറ്റ് മിഷൻ ഡയറക്ടർക്കും നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | നിർമ്മാണം പുനരാരംഭിക്കുന്നതിനായി വാപ്കോസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. ടി പ്രവൃത്തി ചെയ്യുന്നതിനായി വാപ്കോസ് 18.50 കോടി രൂപയുടെ ഡി പി ആർ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ എൻ.എച്ച്.എം ൽ ലഭ്യമായിട്ടുള്ള തുകയെക്കാൾ 11 കോടി രൂപ അധികമായി വരുന്നുണ്ട്. ടി അധിക തുക ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ എൻ.എച്ച്.എം ന്റെ 2022-2023 സാമ്പത്തിക വർഷത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് സമർപ്പിക്കുന്നതായിരിക്കും. ടി തുക ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമില്ല. |
| (ഇ) | ശേഷിക്കുന്ന തുക ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്ന് അറിയിക്കാമോ; ഈ തുക അനുവദിക്കുന്നതിന് നിർദ്ദേശം നൽകേണ്ട ഉദ്യോഗസ്ഥൻ തുക അനുവദിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ? | (ഇ) | നിലമ്പൂർ ജില്ലാ ആശുപത്രിയിലെ മാതൃ ശിശു വിഭാഗത്തിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി വാപ്കോസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. ടി പ്രവൃത്തി ചെയ്യുന്നതിനായി വാപ്കോസ് 18.50 കോടി രൂപയുടെ ഡി പി ആർ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ എൻ.എച്ച്.എം ൽ ലഭ്യമായിട്ടുള്ള തുകയെക്കാൾ 11 കോടി രൂപ അധികമായി വരുന്നുണ്ട്. ടി അധിക തുക ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ എൻ.എച്ച്.എം ന്റെ 2022-2023 സാമ്പത്തിക വർഷത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് സമർപ്പിക്കുന്നതായിരിക്കും. ടി തുക ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ